സിഐടിയു സംസ്ഥാന കമ്മിറ്റി
2018 ഒക്ടോബർ 10

# രാഷ്ട്രീയ റിപ്പോർട്ട്

## സാർവദേശീയ സ്ഥിതി

മുതലാളിത്ത വ്യവസ്ഥ നേരിടുന്ന പ്രതിസന്ധി തീവ്രമായി തുടരുകയാണ്. ഐഎംഎഫിന്റെ 2018 ഒക്ടോബറിൽ പ്രസിദ്ധീകരിച്ച "ലോകസാമ്പത്തിക അവലോകന റിപ്പോർടി"ൽ ഈ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. 180 രാജ്യങ്ങളെക്കുറിച്ചുള്ള പ്രസ്തുത റിപ്പോർട് പറയുന്നത്, ഭൂരിപക്ഷ രാജ്യങ്ങളുടെ സാമ്പത്തിക വളർച്ച 2008 ന് മുമ്പുള്ള അവസ്ഥയിൽ എത്തിയിട്ടില്ലെന്നാണ്. ചൂഷണം തീവ്രമായതിന്റെ ഫലമായി, ലോകത്ത് സാമ്പത്തിക അസമത്വം വർധിച്ച് വരികയാണെന്നും ഐഎംഎഫ് റിപ്പോർട്ടിൽ നിന്നും വ്യക്തമാണ്. ഭൂരിപക്ഷം രാജ്യങ്ങളിലും തൊഴിൽ കുറഞ്ഞിരിക്കുന്നു. തൊഴിലില്ലായ്മ വർധിക്കുമ്പോഴും ഉല്പാദന ക്ഷമത വർധിപ്പിച്ച് ലാഭം പരമാവധിയാക്കുന്നു. ഉല്പാദന മേഖലയിൽ കൃത്രിമ ബുദ്ധിയും, അത്യന്താധുനിക സാങ്കേതിക വിദ്യയും കൂടുതൽ ഉപയോഗിച്ച് തൊഴിലിൽ നിന്ന് മനുഷ്യരെ പുറംതള്ളിയാണ് മുതലാളിത്തം തങ്ങളുടെ സമ്പത്ത് വർധിപ്പിക്കുന്നത്. ഈ പ്രവണത ഭാവിയിൽ വർധിക്കാനാണ് സാധ്യത.

2008 ലെ സാമ്പത്തിക പ്രതിസന്ധിമൂലം ലോകത്തെ സാമ്പത്തിക സ്ഥിതിയും, ബാങ്കിംഗും വലിയ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഐഎംഎഫ് റിപ്പോർട്ടിൽ പറയുന്നത് സർക്കാർ വായ്പകളും, ജിഡിപിയും തമ്മിലുള്ള അനുപാതം 52% ആയി ഉയർന്നു എന്നാണ്. 2008 ന് മുമ്പ് ഇത് 26% ആയിരുന്നു. നവ ഉദാരവൽക്കരണം വലിയ പ്രതിസന്ധിയെയാണ് നേരിടുന്നത്. മുതലാളിത്ത വ്യവസ്ഥക്കുള്ളിലെ യാതൊരു പരിഷ്കരണവും ജനങ്ങൾക്ക് ആശ്വാസം നൽകുന്നതല്ല.

സർക്കാർ ചെലവുകൾ വർധിപ്പിക്കുകയും സാമൂഹ്യ സംരക്ഷണ മേഖലയിലും, അടിസ്ഥാന സൗകര്യ വികസന മേഖലയിലും പൊതുമേഖലയുടെ പങ്ക് വർധിപ്പിക്കുകയും ചെയ്താൽ മാത്രമേ തൊഴിൽ വർധിക്കാനും ജനങ്ങളുടെ വാങ്ങൽ കഴിവ് ഉയരാനും ഇടയാക്കൂ. ജനങ്ങളുടെ വാങ്ങൽ കഴിവ് ഉയരുകയും തൊഴിലവസരങ്ങൾ വികസിക്കുകയും ചെയ്താൽ ആഭ്യന്തര കമ്പോളം വികസിക്കും. ഈ ദിശയിൽ ചൈന സ്വീകരിക്കുന്ന നടപടികളെ ഐഎംഎഫ് റിപ്പോർട്ട് അഭിനന്ദിക്കുന്നുണ്ട്.

അമേരിക്കയും ചൈനയും തമ്മിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന വ്യാപാരയുദ്ധം ലോക സമ്പദ് വ്യവസ്ഥയെ ബാധിച്ചു തുടങ്ങി. നേരത്തെ 50 ബില്യൻ ഡോളർ വിലവരുന്ന ചൈനീസ് ഉല്പന്നങ്ങളുടെ മേൽ അമേരിക്ക ഇറക്കുമതി ചുങ്കം ചുമത്തി. ഇപ്പോൾ വീണ്ടും 200 ബില്യൻ ഡോളർ വിലവരുന്ന ചരക്കുകളിന്മേലും അമേരിക്ക ചുങ്കം ഏർപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നു. ഇതിനു തിരിച്ചടിയായി അമേരിക്ക ചൈനയിലേക്ക് കയറ്റി അയക്കുന്ന 110 ബില്യൻ ഡോളർ വിലവരുന്ന 527 ഇനം ചരക്കുകളിന്മേൽ ചൈനയും ചുങ്കം ചുമത്തി. അമേരിക്കയും ചൈനയും തമ്മിലുള്ള ഈ വ്യാപാര യുദ്ധം ലോക സമ്പദ്ഘടനയെ ബാധിക്കും. ലോക സമ്പദ്ഘടനക്ക് 430 ബില്യൻ ഡോളർ നഷ്ടമുണ്ടാകുമെന്നും, 2020 ഓടെ ലോക സമ്പദ്ഘടന കൈവരിക്കുമെന്ന് കണക്കാക്കിയ വളർച്ചയിൽ 0.5 ശതമാനത്തിന്റെ കുറവുണ്ടാകും എന്നുമാണ് ഐഎംഎഫിന്റെ മുന്നറിയിപ്പ്. യൂറോപ്യൻ യൂണി

യനും, ബ്രിട്ടനും ഈ സാഹചര്യത്തിൽ തങ്ങളുടെ സമ്പദ്ഘടനകളെ സംരക്ഷിക്കാനുള്ള മാർഗങ്ങളെക്കുറിച്ച് ആലോചന നടത്തിക്കൊണ്ടിരിക്കുന്നു: സാമ്രാജ്യത്വ രാജ്യങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം വർധിക്കാൻ ഇത് ഇടയാക്കും.

ഒരു വശത്ത് മുതലാളിത്തം ചൂഷണം വർധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമ്പോൾ മറുഭാഗത്ത് നവ-ഉദാരവൽക്കരണ നയങ്ങൾക്കെതിരായ പ്രതിഷേധ സമരം ശക്തിപ്പെടുന്നുണ്ട്. റഷ്യയിൽ പുടിൻ സർക്കാരിന്റെ 'പെൻഷൻ പരിഷ്കരണ" നയത്തിനെതിരെ രാജ്യവ്യാപകമായി ജനങ്ങൾ പ്രതിഷേധ രംഗത്തിറങ്ങി. ഗ്രീസിലെ സർക്കാരിന്റെ 'ചെലവുചുരക്കൽ' നയത്തിനെതിരെ, തൊഴിലാളികൾ കരുത്തുറ്റ പ്രതിഷേധ സമരം സംഘടിപ്പിച്ചുവരികയാണ്. റുമാനിയയിൽ കുറഞ്ഞ കൂലിക്കും അഴിമതിക്കുമെതിരെ ജനങ്ങളുടെ സമരം കരുത്താർജിച്ചു. സമരക്കാരെ അടിച്ചമർത്താനാണ് സർക്കാർ ശ്രമിച്ചത്. വിമാന പൈലറ്റുമാർ ഉൾപ്പെടെ ജർമൻ തൊഴിലാളികൾ മാന്യമായ വേതനത്തിനും തൊഴിൽ വ്യവസ്ഥക്കുമായി പണിമുടക്കുൾപ്പെടെയുള്ള സമരങ്ങൾ സംഘടിപ്പിച്ചു.

ഏറ്റവും സംഘടിതമായ ചെറുത്ത് നിൽപ് സമരങ്ങൾ നടന്ന് വരുന്നത് ലാറ്റിനമേരിക്കൻ രാജ്യങ്ങളിലാണ് അർജന്റീന, മെക്സിക്കോ, ഡോമിനിക്ക് റിപ്പബ്ലിക്, വെനിസ്വെല എന്നീ രാജ്യങ്ങളിൽ ശക്തമായ ജനകീയ പ്രക്ഷോഭങ്ങൾ ഉയർന്നു. ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ അമേരിക്ക ആസൂത്രണം ചെയ്ത പ്രകാരമുള്ള വലത് പക്ഷ അതിക്രമങ്ങൾ വർധിച്ചു വരുന്നു. ബ്രസീലിൽ ഒക്ടോബർ 7 നാണ് തെരഞ്ഞെടുപ്പ്. ഇടത്- വലത് പക്ഷ ശക്തികൾ തമ്മിൽ ശക്തമായ പോരാട്ടമാണ് നടന്ന് കൊണ്ടിരിക്കുന്നത്.

ഇന്ത്യയും അമേരിക്കയും തമ്മിൽ കോംകാസ കരാർ (COMCASA) ഒപ്പുവെച്ചു. ഇന്ത്യയും അമേരിക്കയും തമ്മിലുള്ള തന്ത്രപരമായ ബന്ധം ശക്തിപ്പെടുത്തുകയും ഇന്ത്യ അമേരിക്കയുടെ തന്ത്രപരമായ പങ്കാളിയായി മാറുകയും ചെയ്യുന്നു എന്നതാണ് ഈ കരാറിന്റെ പ്രത്യേകത. ഇന്ത്യയുടെ പരമാധികാരത്തിന്മേലുള്ള ഒരു കയ്യേറ്റമാണിത്. ഇന്ത്യയുടെ സൈനിക ഉപകരണങ്ങൾ അമേരിക്കക്ക് പരിശോധിക്കാൻ അവസരം നൽകുന്നതാണ് പുതിയ കരാർ. ഇന്ത്യൻ സൈന്യത്തിന്റെ വാർത്താ വിനിമയം, അമേരിക്കക്ക് നിരീക്ഷിക്കാം. ഇന്ത്യ അമേരിക്കയുടെ ആയുധങ്ങളുടെ ആശ്രിത രാജ്യമായി മാറും, അമേരിക്ക, ജപ്പാൻ, ആസ്ട്രേലിയ, ഇന്ത്യ എന്നീ 4 രാജ്യങ്ങളുടെ ഒരു കൂട്ടുകെട്ടുണ്ടാക്കാനും ഇന്ത്യ അനുമതി നൽകി. അമേരിക്കയുടെ ആഗോള പ്രതിരോധ തന്ത്രങ്ങളുടെ ഭാഗമായി ഇന്ത്യ മാറും.

സൈനിക തലത്തിലുള്ള കൂട്ട് കെട്ട് മാത്രമായി ഈ സ്ഥിതി നിലനിൽക്കില്ല. അമേരിക്ക ഇറാന് മേൽ ഏർപ്പെടുത്തിയ ഉപരോധം അംഗീകരിക്കണമെന്നും ഇറാനിൽ നിന്നുള്ള എണ്ണ ഇറക്കുമതി ഉപേക്ഷിക്കണമെന്നും ഇന്ത്യയുടെ മേൽ സമ്മർദ്ദം വന്നു കഴിഞ്ഞു. അതനുസരിച്ച്, ഇറാനിൽ നിന്നുള്ള എണ്ണ വാങ്ങുന്നത് ഇന്ത്യ കുറവ് വരുത്തി. അമേരിക്കൻ ഉൽപന്നങ്ങൾ കൂടുതൽ വാങ്ങണമെന്നും ഇന്ത്യയിൽ അമേരിക്കൻ നിക്ഷേപത്തിന് കൂടുതൽ ഇളവും സ്വാതന്ത്ര്യവും അനുവദിക്കണമെന്നും അമേരിക്ക ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതിന് പകരമായി, ഒരു കാര്യത്തിലും പുതിയ ഒരു ഇളവും അമേരിക്ക ഇന്ത്യക്ക് നൽകിയിട്ടുമില്ല. ഇന്ത്യ അമേരിക്കയിലേക്ക് കയറ്റുമതി ചെയ്യുന്ന സ്റ്റീൽ, അലൂമിനിയം ഉൽപന്നങ്ങളുടെ മേൽ ഏർപ്പെടുത്തിയ അധിക ചുങ്കം കുറക്കാൻ പോലും അമേരിക്ക തയാറായില്ല.

## ദേശീയ സ്ഥിതി

ഇന്ത്യയിലെ സാമ്പത്തിക സ്ഥിതി കൂടുതൽ കുഴപ്പത്തിലേക്കാണ് നീങ്ങുന്നത്. തെരഞ്ഞെടുപ്പ് കാലത്തെ വാഗ്ദാന മനുസരിച്ച് 5 വർഷം കൊണ്ട് 10 കോടി പുതിയ തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെടേണ്ടത്. പുതിയ തൊഴിൽ സംബന്ധിച്ചോ തൊഴിലില്ലായ്മ സംബന്ധിച്ചോ യാതൊരു കണക്കും പുറത്ത് വിടാതെ, മൗനത്തിലാണ് സർക്കാർ. 2016–17 ലെ വാർഷിക തൊഴിൽ- തൊഴിലില്ലായ്മ സർവേ റിപ്പോർട്ട് ഇത് വരെ പ്രസിദ്ധീകരിച്ചിട്ടില്ല. "അസീം പ്രേംജി" സർവകലാശാല നടത്തിയ ഒരു പഠന റിപ്പോർട്ടിൽ പറയുന്നത്, കഴിഞ്ഞ 20 വർഷക്കാലത്തെ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മയാണ് രാജ്യത്ത് ഇപ്പോൾ നിലനിൽക്കുന്നത് എന്നാണ്. മനുഷ്യശക്തി എന്ന മൂലധനത്തിന്റെ ഉപയോഗത്തിൽ ലോകത്തിലെ 186 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 158 ആണെന്നാണ്. "യൂണിവേഴ്സിറ്റി ഓഫ് വാഷിംഗ്ടൺ" നടത്തിയ പഠനത്തിൽ കാണുന്നത്.

രൂപയുടെ മൂല്യം തകർച്ചയിലേക്ക് കൂപ്പ് കുത്തുകയും പെട്രോളിയം ഉൽപന്നങ്ങളുടെ വില എല്ലാ നിയന്ത്രണങ്ങളും വിട്ട് അനുദിനം ഉയർന്നുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ എല്ലാവരുടെയും മനസിൽ വരുന്ന ഒരു ചോദ്യം; ഇന്ത്യൻ സമ്പദ്ഘടന എങ്ങോട്ടാണ് പോയിക്കൊണ്ടിരിക്കുന്നത് എന്നാണ്. വ്യവസായ വളർച്ച മുരടിക്കുകയും, അടച്ചുപൂട്ടൽ തുടർക്കഥയാവുകയും തൽഫലമായി തൊഴിലുകൾ വൻതോതിൽ നഷ്ടപ്പെടുകയും ചെയ്യുന്നു. ദേശസാൽകൃത ബാങ്കുകളിലെ കിട്ടാക്കടം ഭീമമായി ഉയർന്നു. അവശ്യവസ്തുക്കളുടെയെല്ലാം വില കുതിച്ചുയരുന്നു. അതേ അവസരത്തിൽ കൃഷിക്കാരൻ വില്പനക്കെത്തിക്കുന്ന അവരുടെ ഉൽപന്നങ്ങളുടെ വില ഇടിയുന്നു. 2014ൽ 'അച്ഛേദിൻ' വാഗ്ദാനം ചെയ്ത മോഡിയുടെ നാല് വർഷത്തെ ഭരണകാലം സംഭാവന ചെയ്ത സ്ഥിതി വിശേഷമാണിത്. ഇതിനൊന്നും യാതൊരു പരിഹാരവും നിർദേശിക്കാനാവാത്ത സർക്കാർ കഴിഞ്ഞ സർക്കാരിന്റെ കാലത്തെ പദ്ധതികളുടെ പേരുമാറ്റി പ്രഖ്യാപിച്ചുകൊണ്ട് ജനങ്ങളെ കബളിപ്പിക്കാൻ ശ്രമിക്കുകയാണ്. ചുരുക്കത്തിൽ അരാജക അവസ്ഥയിലേക്കാണ് രാജ്യം നീക്കിക്കൊണ്ടിരിക്കുന്നത്.

അധികാരം മുഴുവൻ തന്നിലേക്ക് കേന്ദ്രീകരിച്ച നരേന്ദ്ര മോഡി മന്ത്രിസഭയിലെ സഹ പ്രവർത്തകരെ നോക്ക് കുത്തികളാക്കി. മുമ്പുണ്ടായിരുന്ന മന്ത്രിതല ഉപസമിതികൾ പ്രവർത്തിക്കാതായി. ഭരണത്തിൽ നേട്ടമുണ്ടായാൽ എല്ലാം മോഡിക്കവകാശപ്പെടാം. അതേപോലെ, കുഴപ്പങ്ങളുണ്ടായാൽ അതിന്റെയും ഉത്തരവാദിത്തം മോഡിക്കാണെന്ന സ്ഥിതി വന്നതിനാൽ മന്ത്രിമാർ പലരും, പലവഴിക്ക് നടക്കുന്നു. കൂട്ടുത്തരവാദിത്തം നഷ്ടപ്പെട്ട സർക്കാരാണ് ഇന്ന് കേന്ദ്രത്തിലുള്ളത്. രൂപയുടെ ഡോളറുമായുള്ള മൂല്യം ഇടിഞ്ഞത് ഇറക്കുമതി ചെലവ് വർധിക്കാനിടയാക്കുന്നു. രാജ്യത്തിന്റെ ആവശ്യത്തിന്റെ മുക്കാൽപങ്ക് പെട്രോളിയവും ഡോളർ അടിസ്ഥാനത്തിൽ വില നിശ്ചയിച്ച് വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്യുകയാണ്. പെട്രോളിയം ഉൽപന്നങ്ങളുടെ വില വർധനവിന് ന്യായമായി സർക്കാർ ഉന്നയിക്കുന്നത് ഈ കാര്യമാണ്. ജനങ്ങളുടെ തലയിൽ വലിയ ഭാരമായി വരുന്ന പെട്രോളിയം വിലക്കയറ്റത്തിനെ മോഡി സർക്കാർ നേരിടുന്നത് മേൽ പറഞ്ഞ ന്യായങ്ങൾ നിരത്തിയാണ്.

രൂപയുടെ മൂല്യ തകർച്ചയിലേക്കും ഇറക്കുമതി ചെലവ് വർധനവിലേക്കും തൽഫല

മായുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധിയിലേക്കും രാജ്യത്തെ നയിച്ചത് മുതലാളിത്ത ലോകം പാടി പുകഴ്ത്തിയ നവ- ഉദാരവൽക്കരണ ന.ങ്ങളുടെ ഫലമായിട്ടാണ്. സ്വതന്ത്ര കമ്പോളത്തെക്കുറിച്ച് വാചാലമായിരുന്നവർ ഇപ്പോൾ കമ്പോള നിയന്ത്രണ നടപടികളിലേക്ക് കടക്കുന്നു. ചൈന, മെക്സിക്കോ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതിക്ക് മേൽ അമേരിക്ക ചുങ്കം വർധിപ്പിച്ചപ്പോൾ ലോക വ്യാപാര സംഘടനയുടെ മഹത്വത്തെക്കുറിച്ച് സംസാരിച്ചവർക്ക് മൗനം. ഇന്ത്യയിൽ നിന്നുള്ള അലുമിനിയത്തിന് അമേരിക്ക ചുങ്കം വർധിപ്പിച്ചതിനെ ചോദ്യം ചെയ്യാൻ മോഡി സർക്കാരിന് നാവ് പൊന്തിയില്ല. ചുരുക്കത്തിൽ എല്ലാറ്റിനും പരിഹാരമായി നിർദേശിക്കപ്പെട്ട “സർവതന്ത്ര സ്വതന്ത്ര കമ്പോളം” എന്ന തത്വം തകർന്നു. ആഗോളവൽക്കരണ നയങ്ങളെ തന്നെ ചോദ്യം ചെയ്യുന്ന നടപടികളാണ് സാമ്രാജ്യത്വം ഇപ്പോൾ കൈക്കൊള്ളുന്നത്. ഇതിന്റെയെല്ലാം പിന്നാലെ പോയതാണ് ഇന്ത്യയിലെ ഇപ്പോഴത്തെ പ്രതിസന്ധിക്ക് കാരണം.

ദേശസാൽകൃത ബാങ്കുകളുടെ കിട്ടാക്കടം വർധിച്ച് വരികയാണ്. കിട്ടാക്കടത്തിലേക് വൻതുകകൾ വക കൊള്ളിക്കേണ്ടി വരുന്നതിനാൽ ബാങ്കുകൾ നഷ്ടത്തിലാവുന്നു. 2017–18 ൽ രാജ്യത്തെ ദേശസാൽകൃത ബാങ്കുകളുടെ നഷ്ടം 85,369 കോടി രൂപയാണ്. ധനകാര്യ മന്ത്രാലയവും റിസർവ് ബാങ്കും കർശനമായി നിർദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ്. ബാങ്കുകൾ വലിയ തുക കിട്ടാക്കടത്തിലേക്ക് വകകൊള്ളിക്കുന്നത്. എന്നിട്ടും 2017–18 ൽ ദേശസാൽകൃത ബാങ്കുകളുടെ മൊത്തം കിട്ടാക്കടം 8.95 ലക്ഷം കോടി രൂപയാണ് (ഈ തുക ഇപ്പോൾ 12 ലക്ഷം കോടിയിലെത്തി എന്നാണ് അനൗദ്യോഗിക കണക്ക്). കിട്ടാക്കടത്തിൽ വലിയ പങ്ക് വൈദ്യുതി ഉൽപാദന കമ്പനികളുടെതാണ്. 34 വൻകിട പവർ പ്രോജക്ടുകൾ വരുത്തിയ കിട്ടാക്കടം 1.74 ലക്ഷം കോടി രൂപയാണ്. ഇതിൽ 32 എണ്ണവും സ്വകാര്യ കമ്പനികളാണ്. ഇവരുടെ ഉൽപാദന ശേഷിയുടെ 56 ശതമാനം വൈദ്യുതി ആരുവാങ്ങുമെന്നതിന് ഒരുറപ്പുമില്ല. ഈ സാഹചര്യത്തിൽ ഉൽപാദനം കുറക്കുകയോ, വിലകുറച്ച് വില്ക്കുകയോ ചെയ്യേണ്ടിവരും. രണ്ടായാലും ഭീമമായ നഷ്ടം സംഭവിക്കും. വായ്പകൾ തിരിച്ചടക്കാനാവാത്തത് ഈ സാഹചര്യത്തിലാണ്. ലാൻകോ ഗ്രൂപ്പ്, ജിഎംആർ, ജെപി ഗ്രൂപ്പ്, അഡാനിപവർ, എസ്സാർ ഗ്രൂപ്പ് എന്നീ വൻകിട കമ്പനികളാണ്, മേൽപറഞ്ഞ പദ്ധതികൾ തുടങ്ങിയത്. ദേശസാൽകൃത ബാങ്കുകളിലുള്ള ജനങ്ങളുടെ പണമെടുത്ത് സ്ഥാപിച്ചതാണ് വൈദ്യുതി പദ്ധതികൾ. നഷ്ടം വന്ന് വായ്പ തിരിച്ചടക്കാൻ കഴിഞ്ഞില്ലെങ്കിൽ അവർക്കെന്ത് നഷ്ടം? ജനങ്ങളുടെ ചെലവിൽ തന്നെ, ഈ കുത്തകകളെ സർക്കാർ കര കയറ്റും. അതാണ് ചങ്ങാത്ത മുതലാളിത്തം.

ഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായാണ്, വൈദ്യുതി ഉൽപാദന മേഖലയിൽ സ്വകാര്യകുത്തകകൾക്ക് പ്രവേശനം നൽകിയത്. 2003 ൽ വാജ്പെയ് സർക്കാരാണ് വൈദ്യുതി നിയമം ഭേദഗതി ചെയ്ത് സ്വകാര്യവൽക്കരണത്തിന് തുടക്കം കുറിച്ചത്. 2004 ൽ അധികാരത്തിൽ വന്ന യുപിഎ സർക്കാർ ആ നയം തുടർന്നു. 2014 ൽ അധികാരത്തിൽ വന്ന മോഡി സർക്കാർ കൂടുതൽ തീവ്രതയോടെ സ്വകാര്യവൽക്കരണം നടപ്പാക്കുന്നു. ബാങ്കുകളിലുള്ള ജനങ്ങളുടെ നിക്ഷേപമെടുത്ത് സർക്കാരിന്റെ നേതൃത്വത്തിൽ നടപ്പാക്കാൻ കഴിയുന്ന ഇത്തരം പദ്ധതികൾ സ്വകാര്യ കുത്തകകളെ ഏൽപിക്കണമായിരുന്നോ?

ഇന്ത്യൻ വ്യവസായ മേഖലയുടെ വളർച്ച മുരടിക്കുകയും കമ്പനികളുടെ അടച്ചുപൂ

ട്ടൽ വർധിക്കുകയും ചെയ്തതിനാലാണ് വൈദ്യുതിക്കുള്ള ആവശ്യം കുറഞ്ഞത്. മോഡിയുടെ "മെയ്ക്ക് ഇൻ ഇന്ത്യ" പ്രചരണം കൊണ്ട് രാജ്യത്ത് ഉദ്ദേശിച്ചത് പോലെ വിദേശ-സ്വകാര്യ നിക്ഷേപം വന്നില്ല. നോട്ട് നിരോധനവും ജിഎസ്ടിയും ഉള്ളതിനെ തകർക്കുകയും ചെയ്തു. ഉൽപന്നങ്ങളുടെ വിലയിടിവ് കാരണം കർഷകർ പാപ്പരാവുകയും, തൊഴിലാളികളുടെ വേതനം വർധിക്കാതിരിക്കുകയും ചെയ്തതിനാൽ കമ്പോളം മരവിച്ചു. ഈ കാരണമാണ് നിക്ഷേപകരെ പിന്തിരിപ്പിച്ചത്. കേന്ദ്ര സർക്കാരിന്റെ നവ- ഉദാരവൽക്കരണ നയങ്ങളാണ് ഈ സ്ഥിതി വിശേഷത്തിനെല്ലാം ഉത്തരവാദി.

രാജ്യത്ത് തൊഴിൽ വളർച്ച മുരടിച്ചിരിക്കുകയാണ്. മാത്രമല്ല വലിയ തോതിൽ തൊഴിൽ നഷ്ടപ്പെടുകയും ചെയ്യുന്നു. പ്രതിവർഷം 2 കോടി വീതം പുതിയ തൊഴിൽ സൃഷ്ടിക്കുമെന്ന് വാഗ്ദാനം ചെയ്ത മോഡി ഭരണ കാലത്ത് 2014-15 ൽ തൊഴിൽ 0.2 ശതമാനം ചുരുങ്ങി. 2018-19 സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദത്തിൽ (ഏപ്രിൽ- ജൂൺ) ജിഡിപി വളർച്ച 8.2 ശതമാനമായി ഉയർന്നു എന്ന് സർക്കാർ അവകാശവാദം ഉന്നയിക്കുമ്പോൾ തൊഴിൽ കുറഞ്ഞത് 1 ശതമാനമാണ്. വ്യവസായം, കൃഷി എന്നീ അടിസ്ഥാന മേഖലകൾ തകർച്ചയിലായ കാലത്ത് ജിഡിപി വളർച്ചയെ സംബന്ധിച്ച സർക്കാരിന്റെ കണക്കുകളിൽ തന്നെ സാമ്പത്തിക വിദഗ്ധന്മാർ സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. അസംഘടിത മേഖലയിലാണ് ഏറ്റവും കൂടുതൽ തൊഴിൽ നഷ്ടപ്പെട്ടത്. 2017 ജൂലൈ മാസത്തിൽ രാജ്യത്ത് തൊഴിൽ ചെയ്തിരുന്നവരുടെ എണ്ണത്തിൽ 2018 ജൂലൈ ആവുമ്പോൾ 1.4 ശതമാനം കുറവുണ്ടായി. ആഗസ്റ്റിലും ഈ പ്രവണത തുടരുകയാണ്. സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കോണമി (CMIE) മാനേജിംഗ് ഡയറക്ടർ മഹേഷ് വ്യാസ് പറഞ്ഞത്; നോട്ട് നിരോധനത്തിന് മുമ്പ് 2016 ഒക്ടോബറിൽ രാജ്യത്തെ മൊത്തം തൊഴിൽ ശക്തി 444 ദശലക്ഷമായിരുന്നത് 2017 ജൂലൈ ആവുമ്പോഴേക്ക് 417 ദശലക്ഷമായി കുറഞ്ഞു എന്നാണ്. തൊഴിലില്ലായ്മ നിരക്ക് 2017 ആഗസ്റ്റിൽ 4.1 ശതമാനമായിരുന്നത് 2018 ആഗസ്റ്റിൽ 6.4 ശതമാനമായി ഉയർന്നു എന്നാണ് CMIE റിപ്പോർട്ട്. നോട്ട് നിരോധനത്തിന്റെ ഫലമായി തൊഴിൽ നഷ്ടപ്പെട്ട മുഴുവൻ പേർക്കും തൊഴിൽ തിരിച്ച് കിട്ടിയിട്ടില്ല. ലേബർ ബ്യൂറോയുടെ കണക്കുകൾ പറയുന്നത് 2016 ഏപ്രിൽ മുതൽ 2017 ഒക്ടോബർ വരെയുള്ള കാലത്ത് സൃഷ്ടിക്കപ്പെട്ട തൊഴിൽ 5.56 ലക്ഷം മാത്രമാണ്. പ്രതിവർഷം 200 ലക്ഷം തൊഴിൽ സൃഷ്ടിക്കുമെന്നായിരുന്നു നരേന്ദ്രമോഡിയുടെ വാഗ്ദാനം. 2016ൽ മൊത്തം തൊഴിൽ സേനയുടെ 35 ശതമാനം പേർക്കും തൊഴിലൊന്നും ലഭിച്ചില്ല. അഥവാ ലഭിച്ചവർക്കാവട്ടെ ചുരുങ്ങിയ വേതനം ലഭിക്കുന്ന താൽക്കാലിക തൊഴിലാണ് ലഭിച്ചത്.

ജവഹർ ലാൽ നെഹ്രു സർവകലാശാലയിലെ - 'സെന്റർ ഫോർ ഇൻഫോർമൽ സെക്ടർ ലേബർ സ്റ്റഡീസ്' ചെയർ പേഴ്സൺ സന്തോഷ് മെഹറോത്റ യുടെ പഠന റിപ്പോർട്ടിൽ പറയുന്നത് തൊഴിലുകൾ കുറഞ്ഞു വരുന്നു എന്നാണ്. ജിഡിപി വളർച്ച ഉയരുന്നു എന്നു സർക്കാർ പറയുമ്പോഴും അതിനനുസരിച്ച് തൊഴിലുകൾ വർധിക്കുന്നില്ല. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയും വർധിക്കുകയാണ്. രാജ്യത്ത് വ്യവസായ നിക്ഷേപ നിരക്ക് കുറയുന്നു; ബാങ്കുകളിൽ നിന്നുള്ള വായ്പ കുറയുന്നു; കയറ്റുമതി നിരക്ക് മരവിച്ച് നിൽക്കുന്നു എന്നതാണ് അവസ്ഥ. തൊഴിൽ കുറയുന്നത് ഈ സാഹചര്യത്തിലാണ്. ഓരോ വർഷവും വിദ്യാഭ്യാസം കഴിഞ്ഞ് തൊഴിലന്വേഷകരായി വരുന്നത് 1.3 കോടി വീതമാണ്. പുതിയ തൊഴിൽ സൃഷ്ടിക്കപ്പെടുന്നത് ഇതിലെത്രയോ കുറവാണ്.

2017 ൽ പ്രോവിഡന്റ് ഫണ്ട് പദ്ധതിയിൽ ചേർന്നവരുടെ എണ്ണത്തിൽ 3.11 ദശലക്ഷം വർധനവുണ്ടായി. ഇത് പുതിയ തൊഴിൽ സൃഷ്ടിക്കപ്പെട്ടതാണെന്നാണ് സർക്കാരിന്റെ അവകാശവാദം. നിലവിലുണ്ടായിരുന്ന തൊഴിലാളികളെ പിഎഫിൽ ഉൾപ്പെടുത്തിയതാണ് ഈ എണ്ണത്തിൽ ഭൂരിപക്ഷവും. പുതുതായി ചേർക്കുന്നവരുടെ തൊഴിലുടമാ വിഹിതം രണ്ട് വർഷത്തേക്ക് സർക്കാർ അടക്കുമെന്ന സ്കീമാണ് ഇത്രയും പേരെ പിഎഫിൽ ഉൾപ്പെടുത്താൻ പ്രേരിപ്പിക്കപ്പെട്ടത്. ഈ സാഹചര്യത്തിൽ പുതുതായി സൃഷിട്ക്കപ്പെട്ട തൊഴിൽ എന്ന സർക്കാർ വാദം പൊള്ളയാണ്. ഇപിഎഫിൽ ഇപ്പോൾ ആകെ അംഗങ്ങൾ 60 ദശലക്ഷമാണ്. ഇത് തന്നെ ഇന്ത്യയിലെ മൊത്തം തൊഴിൽ സേനയുടെ 15 ശതമാനത്തിൽ താഴെയാണ്.

വർഷം തോറും 2 കോടി പുതിയ തൊഴിൽ സൃഷ്ടിക്കുമെന്ന വാഗ്ദാനം ചെയ്ത മോഡിയുടെ സർക്കാർ വിവിധ സർക്കാർ ഡിപ്പാർട്മെന്റുകളിൽ 2016 മാർച്ചിൽ ഒഴിഞ്ഞ് കിടക്കുന്ന 4.12 ലക്ഷം പോസ്റ്റുകളിൽ നിയമനം നടത്തിയിട്ടില്ല. തൊഴിൽ വകുപ്പ് മന്ത്രി സന്തോഷ് സിംഗ് ഗാംഗ് വർ പാർലമെന്റിൽ പറഞ്ഞ കണക്കാണിത്. ഓരോ വർഷവും തൊഴിൽ കമ്പോളത്തിലേക്ക് വരുന്നവരുടെ 1 ശതമാനത്തിന് മാത്രമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ജോലി ലഭിക്കുന്നത്. 2015 ൽ ജനുവരി മുതൽ സെപ്തംബർ വരെയുള്ള 9 മാസക്കാലം 0.57 ശതമാനം പേർക്കാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എന്തെങ്കിലും ജോലി ലഭിച്ചത്. 45 ദശലക്ഷം പേരാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യപ്പെട്ടവർ. ഈ സാഹചര്യത്തിൽ യഥാർത്ഥ വസ്തുതകൾ മറച്ചുവെക്കുകയാണ് സർക്കാർ. എൻഎസ്എസ്ഒ (നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ) തൊഴിലും തൊഴിലില്ലായ്മയും സംബന്ധിച്ച സർവേ നടത്തുന്നത് നിർത്തിവെച്ചത് ഈ സാഹചര്യത്തിലാണ്. എൻഎസ്എസ്ഒയെ സ്വതന്ത്രമാക്കി നിർത്താൻ സർക്കാർ സന്നദ്ധമാവുന്നില്ല. പ്രധാനമന്ത്രിയും മറ്റ് അധികൃതരും വ്യത്യസ്ത കണക്കുകളാണ് പറയുന്നത്. ജനങ്ങളിൽ ആശയക്കുഴപ്പമുണ്ടാക്കലാണ് അവരുടെ ലക്ഷ്യം. 2014 മുതൽ കേന്ദ്ര സർക്കാർ സർവീസിൽ ജീവനക്കാരുടെ എണ്ണം കുറഞ്ഞ് വരികയാണ്. 2014 ൽ ബിജെപി സർക്കാർ അധികാരത്തിൽ വരുന്ന കാലത്ത് കേന്ദ്ര സർക്കാർ ജീവനക്കാരുടെ എണ്ണം 33.28 ലക്ഷമായിരുന്നു. ഇത് 2015 ൽ 33.06 ലക്ഷമായും 2016 ൽ 32.85 ലക്ഷമായും, 2017 ൽ 32.53 ലക്ഷമായും കുറഞ്ഞു. 75000 തസ്തികകൾ ഉപേക്ഷിക്കപ്പെട്ടു.

കേന്ദ്ര പൊതുമേഖലയിലെ 330 സ്ഥാപനങ്ങളിൽ 16.91 ലക്ഷം ജീവനക്കാരുണ്ടായിരുന്നു. ഇത് 2017 ആവുമ്പോഴേക്ക് 15.24 ലക്ഷമായി കുറഞ്ഞു. ഏകദേശം 1,67,000 എണ്ണത്തിന്റെ കുറവ്.

മോഡി പ്രഖ്യാപിച്ച 'സ്റ്റാർട് അപ്' സംരംഭങ്ങൾ പലതും അടച്ചുപൂട്ടി. 'നാസ്കോം' നടത്തിയ പഠനത്തിൽ സ്റ്റാർട്അപ് സംരഭങ്ങളുടെ തകർച്ചാ നിരക്ക് വളരെ കൂടുതലാണെന്നാണ് കണ്ടെത്തിയത്. മോഡിയുടെ മറ്റൊരു പദ്ധതിയായ "സ്കിൽ ഇന്ത്യ"യും പരാജയപ്പെട്ടു. 2014 ലെ ലോകസഭാ തെരഞ്ഞെടുപ്പ് കാലത്തെ മോഡിയുടെ വാഗ്ദാനങ്ങൾ എങ്ങിനെയാണ് തകർന്നതെന്ന് ഇതിൽ നിന്നെല്ലാം ബോധ്യപ്പെടും.

ഇന്ത്യയിലെ മൊത്തം തൊഴിലാളികളുടെ മഹാഭൂരിപക്ഷത്തിനും മിനിമം കൂലി പോലും ലഭിക്കുന്നില്ല. കർഷക തൊഴിലാളികൾക്ക് വർഷത്തിൽ ശരാശരി 25 ദിവസമാണ്

ജോലി ലഭിക്കുന്നത്. ജനങ്ങളുടെ വരുമാനം കുറയുന്നു. സമ്പത്തിന്റെ ഗണ്യമായ ഓഹരി വൻ സമ്പന്നരുടെ പോക്കറ്റുകളിലേക്കാണ് പോകുന്നത്. കഴിഞ്ഞ 4 വർഷത്തിനിടയിൽ രാജ്യത്ത് സാമ്പത്തിക അസമത്വം വർധിച്ചു. രാജ്യത്തെ ജനസംഖ്യയുടെ 1 ശതമാനം വരുന്ന അതി സമ്പന്നർ 2014 ൽ 48 ശതമാനം സമ്പത്ത് കയ്യടക്കി. 2016 ൽ ഇത് 53 ശതമാനമായും 2017 ൽ 78 ശതമനമായും ഉയർന്നു. തൊഴിലാളികളുടെ കൂലി കുറച്ചും നികുതി വെട്ടിപ്പ് നടത്തിയുമാണ് അതിസമ്പന്നർ സ്വത്ത് വാരിക്കൂട്ടുന്നത്. ഇതെല്ലാം കേന്ദ്ര സർക്കാരിന്റെ നയങ്ങളുടെ ഫലമായിട്ടാണ് നടക്കുന്നത്.

കുത്തകകളുടെ മുമ്പിൽ നിയമങ്ങളെല്ലാം വഴിമാറുന്നു. ദേസസാൽകൃത ബാങ്കുകളുടെ കവാടങ്ങൾ ഇവരുടെ മുമ്പിൽ തുറന്നിടുന്നു. വിജയ്മല്യ, നീരവ് മോഡി തുടങ്ങിയവർ ഭീമമായ തുക ബാങ്കുകളിൽ നിന്ന് തട്ടിപ്പ് നടത്തി വിദേശത്തേക്ക് കടന്നു. ഇവർക്ക് സുരക്ഷിതമായി രാജ്യം വിടാൻ അവസരമുണ്ടാക്കിക്കൊടുത്തത് കേന്ദ്ര സർക്കാരാണ്. താൻ രാജ്യത്തിന്റെ കാവൽക്കാരനായിരിക്കുമെന്നായിരുന്നു തെരഞ്ഞെടുപ്പ് കാലത്തെ മോഡിയുടെ വാഗ്ദാനം. എന്നാൽ പുറത്ത് വന്ന എല്ലാ തട്ടിപ്പുകളുടെയും പ്രഭവ കേന്ദ്രം മോഡി തന്നെയാണെന്ന് വെളിപ്പെട്ടിരിക്കുകയാണ്.

**റഫാൽ അഴിമതി**

2014 ലെ തെരഞ്ഞെടുപ്പ് കാലത്ത് യുപിഎ സർക്കാരിന്റെ അഴിമതികളെക്കുറിച്ച് വാചാലമായി സംസാരിച്ച ആളാണ് നരേന്ദ്രമോഡി. ബിജെപി സർക്കാർ അധികാരത്തിൽ വന്നാൽ താൻ രാജ്യത്തിന്റെ കാവൽക്കാരനാകും എന്നായിരുന്നു മോഡിയുടെ പ്രസംഗം. പ്രസ്തുത മോഡിയും സംഘവും ഫ്രാൻസിൽ നിന്നുള്ള യുദ്ധവിമാന ഇടപാടിലെ അഴിമതിയെക്കുറിച്ചുള്ള വെളിപ്പെടുത്തിലിനോട് പ്രതികരിക്കാൻ പോലും കഴിയാത്ത അവസ്ഥയിലാണ്. യുപിഎ സർക്കാരിന്റെ കാലത്ത് 126 റഫേൽ യുദ്ധ വിമാനങ്ങൾ വാങ്ങാനായിരുന്നു കരാറുണ്ടാക്കിയത്. 2012 ൽ ഓപ്പൺ ടെന്ററിലൂടെയാണ്, യുദ്ധ വിമാനം സംബന്ധിച്ച് ഫ്രാൻസിലെ 'ദസ്സാൾട്' എന്ന കമ്പനിയുമായി കരാറുണ്ടാക്കിയത്. ഈ കരാറിൽ, 18 യുദ്ധ വിമാനങ്ങൾ ഫ്രാൻസിൽ നിർമിക്കാനും അവശേഷിക്കുന്ന 108 വിമാനങ്ങൾ പൊതുമഖലാ കമ്പനിയായ ബാംഗ്ലൂരിലെ 'എച്ച്എഎല്ലി' ൽ നിർമിക്കാനുമായിരുന്നു വ്യവസ്ഥ. 2015 ൽ ഫ്രാൻസ് സന്ദർശിച്ച മോഡി ഈ കരാർ അട്ടിമറിച്ച് പുതിയ കരാറുണ്ടാക്കി. ഫ്രാൻസിൽ തന്നെ നിർമ്മിക്കുന്ന 36 വിമാനങ്ങൾ വാങ്ങാനും എച്ച്എഎൽ എന്ന പൊതുമേഖലാ കമ്പനിയെ മാറ്റി അനിൽ അംബാനിയുടെ 'റിലയൻസ് ഡിഫൻസ്' എന്ന കമ്പനിയെ 'ദസ്സാൾടു 'മായി സഹകരിപ്പിക്കാനുമാണ് കരാറുണ്ടാക്കിയത്.

നേരത്തെയുള്ള കരാറനുസരിച്ച് 126 വിമാനങ്ങൾ വാങ്ങുമ്പോൾ ഇന്നത്തെ രൂപയുടെ മൂല്യമനുസരിച്ച് 74250 കോടി രൂപ വേണമായിരുന്നു. ഒരു വിമാനത്തിന് 589 കോടി രൂപ വീതം. ഇപ്പോൾ മോഡി വാങ്ങാൻ കരാറിലേർപ്പെട്ടത് വിമാനമൊന്നിന് 1496 കോടി വില വെച്ചാണ്. 36 വിമാനങ്ങൾക്കു വേണ്ട തുക 53780 കോടി രൂപ. പൊതുമേഖലാ സ്ഥാപനമായ എച്ച്എഎല്ലിനെ ഒഴിവാക്കി അനിൽ അംബാനിയെ കൂട്ടുപിടിച്ചത് എന്തിന് എന്ന ചോദ്യത്തിന് ബോധ്യപ്പെടുത്താവുന്ന ഒരു മറുപടിയും പ്രധാനമന്ത്രി പറഞ്ഞിട്ടില്ല. ഏതാനും ആഴ്ചകൾക്കു മുമ്പു മാത്രം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കമ്പനിയാണ് 'റിലയൻസ് ഏവിയേഷൻ'. ഈ കമ്പനി കടലാസിൽ മാത്രമാണ്. ഒഴിവാക്കപ്പെട്ട എച്ച്എഎൽ, യുദ്ധവിമാന

നിർമാണത്തിൽ ദീർഘകാലത്തെ പരിചയമുള്ള കമ്പനിയാണ്. പുതിയ കരാർ അഴിമതിക്കല്ലാതെ മറ്റെന്തിനാണ്? രാജ്യ സ്നേഹത്തിന്റെ പെരുമ്പറയടിക്കുന്ന ബിജെപി ആയുധ ഇടപാടിലും അഴിമതി നടത്തുന്നു എന്നാണ് വെളിപ്പെട്ടിരിക്കുന്നത്.

**പ്രളയാനന്തര പുനർനിർമാണം**

സംസ്ഥാനം നേരിട്ട പ്രളയ ദുരന്തത്തെ അതിജീവിക്കാൻ സംസ്ഥാന സർക്കാർ ഭാവനാപൂർണമായ പദ്ധതിയുമായി മുന്നോട്ട് പോവുകയാണ്. കേരളത്തെ പുനർനിർമിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമായി പ്രഖ്യാപിച്ചിരിക്കുന്നത്. പ്രളയത്തിൽ തകർന്ന വീടുകൾ, റോഡുകൾ, പാലങ്ങൾ, മറ്റ് കെട്ടിടങ്ങൾ, കൃഷി മുതലായവ പുനഃസ്ഥാപിക്കാൻ 25000 കോടി രൂപയെങ്കിലും ചുരുങ്ങിയത് വേണ്ടി വരും. കേന്ദ്ര സർക്കാർ കേരളത്തിന് മതിയായ സഹായം നൽകുമെന്ന് പ്രതീക്ഷിച്ചുകൂടാ. ഈ സാഹചര്യത്തിൽ സർക്കാരിന് കൈത്താങ്ങാകാൻ തൊഴിലാളികൾ മുന്നോട്ട് വരണം.

മഹാ പ്രളയകാലത്ത് ജീവൻ രക്ഷാ ദൗദ്യത്തിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും മറ്റ് വിഭാഗം ജനങ്ങളോടൊപ്പം തൊഴിലാളികൾ മികച്ച പങ്ക് വഹിച്ചിട്ടുണ്ട്. പ്രളയത്തിൽ കുടുങ്ങിപോയവരുടെ ജീവൻ രക്ഷിക്കാൻ മത്സ്യ തൊഴിലാളികൾ നടത്തിയ രക്ഷാ പ്രവർത്തനം എത്ര അഭിനന്ദിച്ചാലും മതിയാകാത്തതാണ്. മത്സ്യ തൊഴിലാളികളെ 'കേരളത്തിന്റെ സൈന്യം' എന്നാണ് മുഖ്യമന്ത്രി വിശേഷിപ്പിച്ചത്. ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് നിരവധി ട്രക്കുകളിലായി എത്തിയ ഭക്ഷ്യവസ്തുക്കളും വസ്ത്രങ്ങളുമെല്ലാം ട്രക്കുകളിൽ നിന്ന് ഇറക്കിവെക്കുന്നതിന് ചുമട്ടു തൊഴിലാളികൾ ഒരു രൂപ പോലും കൂലി വാങ്ങാതെയാണ് പ്രവർത്തിച്ചത്. പ്രളയകാലത്ത് തകർന്നുപോയ വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കാൻ വൈദ്യുതി ബോർഡ് തയാറാക്കിയ 'മിഷൻ റീകണക്ട്' എന്ന പദ്ധതി നടപ്പാക്കാൻ വൈദ്യുതി ബോർഡിലെ തൊഴിലാളികളും ഓഫീസർമാരും നടത്തിയ പ്രവർത്തനം എടുത്തുപറയത്തക്കതാണ്. ഒരാഴ്ച്ച കൊണ്ട് ഭൂരിപക്ഷം കണക്ഷനുകളും പുനഃസ്ഥാപിച്ചു. ലോകത്തൊരിടത്തും ഈ മികച്ച പ്രവർത്തനത്തിന് സമാനതകളില്ല. മറ്റിതര തൊഴിലാളി വിഭാഗങ്ങളും ദുരിത നിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. തൊഴിലാളി വർഗത്തിന്റെ ഉന്നത സംസ്കാരം ഉയർത്തിപ്പിടിച്ച എല്ലാവരെയും അഭിവാദ്യം ചെയ്യുന്നു.

ഇനി നമ്മുടെ മുമ്പിലുള്ളത് സംസ്ഥാനത്തിന്റെ പുനർനിർമാണമാണ്. മുഖ്യമന്ത്രിയുടെ അഭ്യർത്ഥന മാനിച്ച് ഒരു മാസത്തെ വേതനം ഗഡുക്കളായി സംഭാവന നൽകാൻ എല്ലാ തൊഴിലാളികളും സന്നദ്ധമാവണം. നിർമാണം, ആർടിസാൻസ്, വയർമെൻ, ഇല്ക്ട്രിസിറ്റി, വാട്ടർഅതോറിറ്റി, ലൈസൻസ്ഡ് പ്ലംബർമാർ എന്നീ മേഖലകളിലെ തൊഴിലാളികൾ രണ്ടു ദിവസത്തെ തൊഴിൽ സംഭാവനയായി നൽകണണെന്ന് തീരുമാനിച്ചിട്ടുണ്ട്. മഹത്തായ ഈ ദൗത്യത്തിൽ പങ്കാളികളാകാൻ എല്ലാവരും സന്നദ്ധരാവണം.

*************